# കുറ്റ കൃത്യങ്ങളിൽ വളരുന്ന ഇന്നത്തെ ഇളം തലമുറകൾ...



ഫിന്നി ഫിലിപ്പ് കാഞ്ഞങ്ങാട്
(യൂത്ത് കൗൺസെലർ)

കളിപ്പാട്ടങ്ങളോട് കൂട്ടുകൂടി കളിച്ചു നടക്കേണ്ട പ്രായത്തിൽ കുറ്റകൃത്യങ്ങളുടെ ലോകത്തേയ്ക്ക് ചുവടുവച്ചു നടന്നു നീങ്ങുകയാണ് ഇന്നത്തെ ഇളം തലമുറകൾ. ശൈശവവും (infant) ബാല്യവും നിഷ്കളങ്കതയുടെ കാലഘട്ടമാണ്. മാതാപിതാക്കളുടെ സ്നേഹവും കരുതലും ഏറ്റുവാങ്ങി ജീവിക്കേണ്ട പ്രായം. എന്നാൽ ഇന്നത്തെ തലമുറയുടെ മാനസികാവസ്ഥ അക്രമത്തിന്റെയും ക്രൂരതയുടേയും മുഖങ്ങളായി മാറ്റപ്പെടുന്നത് ദു:ഖകരമാണ്. നാളത്തെ കുടുബത്തേയും, സമൂഹത്തേയും നയിക്കേണ്ടവരുടെ ഇത്തരത്തിലുള്ള മനോവൃതിയാനം ആപത്കരമായ ജീവിത ശൈലികളിലേക്കാണ് വിരൽ ചൂണ്ടുന്നത് .





**ഇളം പ്രായത്തിൽ സ്വഭാവ രൂപീകരണം അനിവാര്യം**

ഒരു വ്യക്തിയുടെ സ്വഭാവരൂപികരണം (Character formation) പ്രധാനമായും നടക്കേണ്ടത് അഞ്ചു വയസ്സു വരെയുള്ള കാലഘട്ടങ്ങളിലാണ്. ഈപ്രായത്തിൽ ഇളം മനസുകളിൽ പകർന്നു നൽകുന്ന ക്രിയാത്മകമായ (Possitive) വസ്തുതകളാണ് പിന്നീടുള്ള വ്യക്തിത്വ വളർച്ചയ്ക്ക് നിദാനമായി തീരുന്നത്. പ്രശസ്ത മന:ശാത്രഞ്ജനായ സിഗ്മണ്ട് ഫ്രോയിഡിന്റെ വീക്ഷണത്തിൽ 'ഇളം മനസ് ഒരു വെള്ളപേപ്പർപോലെ ആണ്'. അതിൽ എന്ത് വരച്ചിടുന്നോ അതായിരിക്കും ആ വ്യക്തിയുടെ ജിവിതകാലം മുഴുവൻ നിലനിൽക്കുന്നത്. മാറ്റം വരുത്തുവാൻ ശ്രമിച്ചാൽകൂടി അതിന്റെ പാടുകൾ ആ മനസിൽ അവശേഷിക്കും.

ചെറുപ്രായത്തിൽ മാതാപിതാക്കളോടോപ്പം വളരേണ്ട മക്കളെ വീട്ടുജോലിക്കാരേയോ, ബന്ധുക്കളെയോ, ഡേ കേയറുകളിലോ ഏൽപ്പിച്ച് തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നവർ വളർത്തിയെടുക്കുന്നത് വ്യക്തി വൈകല്യമുള്ള തലമുറയെയാണ്. ഇവിടെ മാതാപിതാക്കളുടെ സ്വഭാവത്തേക്കാൾ കൂടുതൽ സ്വാധീനിക്കുന്നത് മറ്റുള്ളവരുടെ നിഷേധാത്മകമായതും വൈകല്യവുമുള്ള വ്യക്തിത്വവുമാണ്.

കേരളത്തിലെ ആരോഗ്യ മാസിക 2011-ൽ വിവിധ സ്കൂളുകളിൽ നടത്തിയ അഭിമുഖ പഠനത്തിൽ കണ്ടെത്തിയ വസ്തുതകൾ അവഗണിക്കാൻ കഴിയാത്തതാണ്.

'കുഞ്ഞുങ്ങളിൽ 60% ത്തോളം പേർ അക്രമസ്വഭാവമുള്ളവരോ വ്യക്തിത്വ വൈകല്യമുള്ളവരോ ആണ്.' വളർന്ന് വരുന്ന സാഹചര്യങ്ങളും ചുറ്റുപാടുകളുമാണ് അതിനു കാരണമായി മാറുന്നത്.

**അക്രമ സ്വാഭാവം വളർത്തുന്ന ഇന്നത്തെ മാധ്യമങ്ങൾ**



മാധ്യമ വിപ്ലവം (media explotion) ആണ് ഇന്നത്തെ ഉത്തരാനുധിക കാലഘട്ടത്തിന്റെ പ്രത്യേകത.ആഗോള വത്കരണവും കച്ചവടവത്കരണവും വളർത്തിയെടുക്കുന്നതിന്റെ വക്താക്കൾ മാധ്യമങ്ങളാണ്. പരസ്യങ്ങളുടെ നിറങ്ങളിൽ ഉപഭോഗസംസ്കാരം വളർത്തിയെടുക്കുന്നതിൽ മാധ്യമങ്ങൾ ഗണ്യമായ പങ്ക് വഹിക്കുന്നു. പരസ്യത്തിൽ കണ്ട അതേ 'ഉൽപന്നം' വാങ്ങുന്നതിനായി കുഞ്ഞുങ്ങളും കൗമാരകാരും മാതാപിതാക്കളോട് ആവശ്യം ഉയർത്തുന്നു.





നമ്മുടെ ഇളം തലമുറ മാധ്യമങ്ങൾക്ക് അടിമപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. കുഞ്ഞുങ്ങളെ അടക്കിയിരുത്തുവാനുള്ള ഒരു എളുപ്പവഴിയായി മാതാപിതാക്കൾ കാണുന്നത് ടെലിവിഷൻ ഓണാക്കി അതിനു മുമ്പിൽ ഇരുത്തുക എന്നതാണ്. സ്ഥിരമായ കാർട്ടൂൺ ചാനലുകൾ കാണുന്ന കുട്ടികളിൽ അത് അടിമത്തത്തിലേക്ക് നയിക്കപ്പെടുന്നു. ബാറ്റ്മാൻ,സൂപ്പർമാൻ, സ്പൈഡർമാൻ, ഗുസ്തി ഹീറോകൾ എന്നിവ വേഗത്തിൽ സ്വാധീനിക്കുന്നവയാണ്. കുട്ടികളിൽ അക്രമ സ്വാഭാവം വളർത്തിയെടുക്കുന്നതിന് ഇത്തരത്തിലുള്ള ടെലിവിഷൻ പ്രോഗ്രാമുകൾ കാരണമായി തീരുന്നു എന്ന് ചൈൽഡ് സൈക്കോളജിസ്റ്റുകളും ചൈൽഡ് കൗൺസിലേഴ്സും വിലയിരുത്തുന്നു.

ഏതാനും ചില മാസങ്ങൾക്ക് മുൻപ് സ്വന്തം സഹപാഠിയെ കത്തി ഉപയോഗിച്ചും കല്ലു കൊണ്ട് മുറിവേൽപ്പിച്ചും കൊലപ്പെടുത്തിയത് കേരളമനസാക്ഷിയെ ഞെട്ടിച്ച സംഭവമാണ്. 14 വയസുള്ള കൗമാരക്കാരൻ തന്റെ സഹപാഠിയെ കൊല്ലുവാനുണ്ടായ വികാരം താൻ കണ്ട സിനിമയിലെ രംഗങ്ങൾ പരീക്ഷിച്ചതായിരുന്നു എന്നുള്ളത് നമ്മുടെ കുഞ്ഞുങ്ങളിൽ മാധ്യമങ്ങൾ നൽകുന്ന വികലമായ കാഴ്ചപാടുകൾ എത്ര നിഷേധാത്മകമായി സ്വാധിനിക്കുന്നു എന്നുള്ളതിന്റെ തെളിവുളാണ്. പലപ്പോഴും ശല്യം ഒഴിവാക്കുവാൻ കുഞ്ഞുങ്ങളെ ടി.വി.യ്ക്ക് മുമ്പിൽ തള്ളിവിടുന്നവർ തലമുറയെ അപകടത്തിലേക്കാണ് തള്ളിവിടുന്നത് എന്ന വസ്തുത വിസ്മരിച്ചു പോകരുത്. ഇത്തരത്തിലുള്ള സമീപനം കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ആത്മികവുമായ വളർച്ചയ്ക്ക് തടസ്സമാണ്. രാഷ്ട്രീയ കൊലപാതകങ്ങളും റോഡപകടങ്ങളും ആത്മഹത്യകളും വാർത്താപ്രാധാന്യത്തോടെ പ്രേക്ഷകർക്ക് മുൻപിൽ എത്തിക്കുവാൻ ശ്രമിക്കുന്ന മാധ്യമങ്ങൾ മനസിലാക്കേണ്ടത് അത് മലീമസമാക്കുന്നത് ഇളം ഹൃദയങ്ങളെയാണെന്ന്. സിനിമകളിലും സീരിയലുകളിലും കാണുന്നത് യാഥാർത്ഥ്യമാണ് എന്ന ചിന്താഗതി കുഞ്ഞുങ്ങളിൽ വർന്ന് വരുന്നു. യാഥർത്ഥ്യവും മിഥ്യയും തമ്മിലുള്ള വ്യത്യാസത്തെകുറിച്ച് കുഞ്ഞുങ്ങളെ ബോധവത്കരിക്കുവാൻ മാതാപിതാക്കൾ കടമപ്പെട്ടവരാണ്.

അക്രമത്തെ അക്രമം കൊണ്ട് നേരിടുന്ന രാഷ്ട്രീയ പാർട്ടികൾ വളർത്തിയെടുക്കുന്നതും വികലമായ ഭാവിതലമുറയാണ്. മൂല്യങ്ങളിലും, ധാർമ്മകതയിലും വളർന്നുവരേണ്ടുന്ന ഇന്നത്തെ തലമുറ അക്രമത്തിന്റെയും, വൈരാഗ്യത്തിന്റെയും വർഗ്ഗീയതയുടേയും വ്യക്തമായ പ്രത്യയ ശാസ്ത്രം തേടുന്നത് ആരോഗ്യപരമല്ല. വർഗ്ഗീയതയുടെയും തീവ്രവാദത്തിന്റെയും വിത്തു പാകി മുളപ്പിക്കുന്ന മണ്ണായി ഇളംഹൃദയങ്ങൾ മാറിയിരിക്കുന്നു എന്നത് ദു:ഖകരമായ യാഥാർത്ഥ്യമാണ്.

**മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം അനിവാര്യഘടകം**

മാതാപിതാക്കളുടെ സ്വഭാവരീതി കുഞ്ഞുങ്ങളെ വേഗത്തിൽ സ്വാധീനിക്കുന്നു. മദ്യപിച്ച് വീട്ടിൽ വന്ന് ഭാര്യയെ ഉപദ്രവിക്കുകയും, അസഭ്യം പറയുകയും ചെയ്യുന്ന പിതാവിന്റെ സ്വഭാവം അതേപടി മക്കൾക്ക് പകർന്ന് കിട്ടുകയാണ്. 2012-ൽ ഇന്ത്യയിലെ പ്രമുഖ മന:ശാസ്ത്ര മാസിക നടത്തിയ സർവ്വേയിൽ കുറ്റകൃത്യങ്ങളിൽപ്പെട്ട കൗമാരക്കാരിൽ 72% പേരും വിവാഹമോചനം നേടിയവതോ, കുറ്റകൃത്യങ്ങളിൽപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചതോ ആയ മാതാപിതാക്കളുടെ മക്കളാണ്. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പണവും സ്ഥാനമാനങ്ങളും വെട്ടിപ്പിടിക്കുവാൻ വെമ്പൽകൊള്ളുന്നവർ ഒന്നോർക്കുക-നിങ്ങൾ സ്നേഹവും കരുതലും നൽകാൻ മറന്നുപോയാൽ അറിയാതെ മക്കളിൽ വളർത്തിയെടുക്കുന്നത് നിഷേധാത്മകമായ (Negative)സ്വഭാവരീതികളാണ്. മാതൃപരവും ദൈവികവുമായ ജീവിതം കാഴ്ചവയ്ക്കുന്നതിലൂടെ നല്ല തലമുറയെ നമുക്ക് വാർത്തെടുക്കാൻ കഴിയും.

finnyebenezer@gmail.com